
എ.വൈ.ആർ

**ദൈവങ്ങൾ മനുഷ്യരെപ്പോലെ സ്വന്തമായ വസ്തുവഹകളും അധികാര മേഖലകളുമുള്ളവരാണെങ്കിൽ മനുഷ്യരെപ്പോലെ പരസ്പരം അതിജയിക്കാനും അന്യരുടേത് വെട്ടിപ്പിടിക്കാനുമുള്ള മോഹത്തിൽ നിന്ന് അവർ മുക്തരായിരിക്കുകയില്ലല്ലോ. ഈ ലോകത്തെ രാജാക്കന്മാർ സൈനികമായും സാമ്പത്തികമായും സമകാലീനരായ മറ്റു രാജാക്കന്മാരെ അതിജയിക്കാൻ നിരന്തരം പോരാടിക്കൊണ്ടിരിക്കുകയാണ്. ഇതേ രീതി തുല്യ ശക്തികളായ ദൈവങ്ങളിലും നടമാടിയാൽ അണ്ഡകടാഹമാകെ തകർന്നുപോവുകയായിരിക്കും അതിന്റെ ഫലം.**



بَلْ أَتَيْنَٰهُم بِٱلْحَقِّ وَإِنَّهُمْ لَكَٰذِبُونَ ﴿٩٠﴾

**90.** പക്ഷേ, കാര്യം അവർ കരുതുന്നതൊന്നുമല്ല. നാം അവർക്ക് മുന്നിൽ അവതരിപ്പിച്ചിട്ടുള്ളതാകുന്നു ഈ യാഥാർഥ്യങ്ങൾ. അതിനെ നിഷേധിക്കുന്നവർ കള്ളം പറയുന്നവർ തന്നെയാകുന്നു.

مَا ٱتَّخَذَ ٱللَّهُ مِن وَلَدٍ وَمَا كَانَ مَعَهُۥ مِنْ إِلَٰهٍ ۚ إِذًا لَّذَهَبَ كُلُّ إِلَٰهٍۭ بِمَا خَلَقَ
وَلَعَلَا بَعْضُهُمْ عَلَىٰ بَعْضٍ ۚ سُبْحَٰنَ ٱللَّهِ عَمَّا يَصِفُونَ ﴿٩١﴾

**91.** സാക്ഷാൽ സത്യദൈവം ഒരു സന്തതിയെയും സ്വീകരിച്ചിട്ടില്ല. അവന്റെ കൂടെ ഇതര ദൈവങ്ങളുണ്ടായിട്ടുമില്ല. ഉണ്ടായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പിരിഞ്ഞു പൊയ്ക്കളയുമായിരുന്നു. പരസ്പരം മെക്കിട്ടുകയറുകയും ചെയ്യുമായിരുന്നു. സാക്ഷാൽ ദൈവം ഇക്കൂട്ടർ ആരോപിക്കുന്ന ന്യൂനതകളിൽ നിന്നൊക്കെയും പരിശുദ്ധനാകുന്നു.

عَٰلِمِ ٱلْغَيْبِ وَٱلشَّهَٰدَةِ فَتَعَٰلَىٰ عَمَّا يُشْرِكُونَ ﴿٩٢﴾

**92.** ഗോചരവും അഗോചരവും ഒരുപോലെ അറിയുന്നവൻ, ജനം കൽപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം അതീതനായ അത്യുന്നതനായി വാഴുന്നു.

**90 – 92**

بَلْ = പക്ഷേ (കാര്യം അവർ കരുതുന്നതൊന്നുമല്ല)

أَتَيْنَٰهُم = നാം അവർക്ക് വന്നു(ർക്കു മുന്നിൽ അവതരിപ്പിച്ചിട്ടുള്ളതാകുന്നു) بِٱلْحَقِّ = സത്യവും കൊണ്ട് (യാഥാർഥ്യം)

وَإِنَّهُمْ = അവർ (അതിനെ നിഷേധിക്കുന്നവർ) لَكَٰذِبُونَ = കള്ളം പറയുന്നവർ തന്നെയാകുന്നു

مَا ٱتَّخَذَ ٱللَّهُ = അല്ലാഹു സ്വീകരിച്ചിട്ടില്ല مِن وَلَدٍ = സന്തതിയിൽ നിന്ന് (ഒരു സന്തതിയെയും)

وَمَا كَانَ مَعَهُۥ = അവന്റെ കൂടെ ഉണ്ടായിട്ടുമില്ല مِنْ إِلَٰهٍ = ദൈവത്തിൽ നിന്ന് (ഇതര ദൈവങ്ങൾ)

إِذًا = അങ്ങനെ ഉണ്ടായിരുന്നുവെങ്കിൽ അപ്പോൾ لَّذَهَبَ كُلُّ إِلَٰهٍ = ഓരോ ദൈവവും പിരിഞ്ഞുപൊയ്ക്കളയുമായിരുന്നു

بِمَا خَلَقَ = താൻ സൃഷ്ടിച്ചതിനെയും കൊണ്ട്

അവരിൽ ചിലർ ചിലരുടെമേൽ ഉയരുകയും (പരസ്പരം മെക്കിട്ട് കയറുകയും) ചെയ്യുമായിരുന്നു
وَلَعَلَا بَعْضُهُمْ عَلَىٰ بَعْضٍ =

سُبْحَانَ ٱللَّهِ = സാക്ഷാൽ ദൈവം പരിശുദ്ധനാകുന്നു

عَمَّا يَصِفُونَ = അവർ വിശേഷിപ്പിക്കുന്നിൽ നിന്ന് (ഇക്കൂട്ടർ ആരോപിക്കുന്ന ന്യൂനതകളിൽ നിന്നൊക്കെയും)

عَـٰلِمِ ٱلْغَيْبِ وَٱلشَّهَـٰدَةِ = അദൃശ്യവും ദൃശ്യവും (ഗോചരവും അഗോചരവും ഒരുപോലെ) അറിയുന്നവൻ

فَتَعَـٰلَىٰ = ആകയാൽ അവൻ അത്യുന്നതനായി(വാഴുന്നു)

عَمَّا يُشْرِكُونَ = അവർ (ജനം) ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്ക് (എല്ലാം)

മുകളിൽ പറഞ്ഞ ചോദ്യോത്തരങ്ങളുടെ അനുബന്ധമാണീ സൂക്തങ്ങൾ. അതായത്, വിഗ്രാഹാരാധകർ സമ്മതിക്കുന്ന യാഥാർഥ്യങ്ങൾക്ക് തന്നെ എതിരായ കാര്യങ്ങളാണവർ വിശ്വസിക്കുന്നത്. സ്വയം നിഷേധിച്ചുകൊണ്ട് അവർ പറയുന്നത് തികച്ചും കള്ളമാണ്. كاذبون (കളവ് പറയുന്നവർ) എന്നാണ് മൂല വാക്ക്. അറിയാതെ അസത്യം പറയുന്നവൻ അജ്ഞനും അബദ്ധം പറയുന്നവനുമാണ്. അസത്യമെന്നറിഞ്ഞുകൊണ്ട് അസത്യം പറയുന്നവനാണ് കള്ളം പറയുന്നവൻ. ദൈവത്തിന്റെ ഏകത്വവും പരമാധികാരവും അറിഞ്ഞുകൊണ്ട് അവനിൽ അനേകതയും അധികാര വിഭജനവും ആരോപിക്കുന്നവൻ كاذب -കള്ളം പറയുന്നവനാണ്. സാക്ഷാൽ ദൈവത്തിന് സന്തതികളോ സഹ ദൈവങ്ങളോ ഇല്ല.

من ولد-من الله എന്നീ വാക്കുകൾക്ക് ഒരു തരത്തിലുള്ള മക്കളും ഒരു തരത്തിലുള്ള സഹ ദൈവങ്ങളും എന്നാണർഥം. അതായത് സന്തതി എന്നോ സഹ ദൈവം എന്നോ വിശേഷിപ്പിക്കാവുന്ന ആരും അല്ലാഹുവിനില്ല. അറബികൾ മലക്കുകളെ അല്ലാഹുവിന്റെ പെൺമക്കളായി സങ്കൽപിച്ചിരുന്നു. യഹൂദർ ഉസൈറിനെ ദൈവപുത്രനായി കരുതി. ക്രൈസ്തവർ ഈസാ മസീഹിനെ ദൈവപുത്രനെന്നു വിശ്വസിക്കുന്നു. ഗ്രീക്കുകാരും ഇന്ത്യക്കാരും ബാബിലോണിയക്കാരുമെല്ലാം പല കാലങ്ങളിൽ ദൈവത്തിന് സഹകാരികളെയും പുത്രകളത്രാദികളെയും സങ്കൽപിച്ചിരുന്നു. ചില സംസ്കാരങ്ങളിൽ ഇന്നും ഈ സങ്കൽപം നിലനിൽക്കുന്നുണ്ട്.

ദൈവത്തെ ദൈവികതയിൽ കാണാതെ മനുഷ്യപ്രകൃതിയിൽ കാണാൻ ശ്രമിക്കുന്നതിൽ നിന്നാണ് ഇത്തരം അബദ്ധ സങ്കൽപങ്ങൾ രൂപം കൊള്ളുന്നത്. മനുഷ്യർക്ക് നിലനിൽക്കാൻ സ്ഥലവും, വാഴാൻ വിഭവങ്ങളും, സഹായിക്കാനും നിലനിൽപ് തുടരാനും സന്തതികളും വേണം. ദൈവത്തെ മനുഷ്യരെപ്പോലെ കണ്ടവർ ഇതൊക്കെ ദൈവത്തിനുമുണ്ടെന്ന് സങ്കൽപിച്ചു. തന്നിൽ തന്നെ എല്ലാം തികഞ്ഞവനായ സാക്ഷാൽ ദൈവത്തെ സംബന്ധിച്ചേടത്തോളം സഹായികളും സന്തതികളും, ന്യൂനതകൾ പരിഹരിക്കുന്ന മറ്റു സംഗതികളും അപ്രസക്തമാണെന്നു മാത്രമല്ല, ദൈവിക പ്രകൃതിക്ക് വിരുദ്ധവുമാകുന്നു. ഏതെങ്കിലും കാര്യത്തിൽ പരസഹായം ആവശ്യമുള്ളവനും അപൂർണനും മാത്രമേ സഹായികളും സന്തതികളും വേണ്ടതുള്ളൂ. ബഹുദൈവങ്ങളെ സ്വതന്ത്ര ദിവ്യത്വവും പരമാധികാരവുമുള്ളവരായി സങ്കൽപിച്ചാൽ ദൈവ സങ്കൽപം തന്നെ നിരർഥകമാകുന്നു. അപ്പോൾ അഖിലാണ്ഡം അടക്കിവാഴുന്ന ഒരു ദൈവമില്ലെന്നാണ് വന്നുകൂടുക. ഓരോ ദൈവവും അതിന്റെ മേഖലയിൽ മാത്രം ദിവ്യത്വവും പരമാധികാരവുമുള്ളവനായിരിക്കും. ദൈവം എന്ന യാഥാർഥ്യമാകട്ടെ, പരിധികൾക്കും പരിമിതികൾക്കും അതീതമാണ്. ഇനി വാദത്തിനു വേണ്ടി പല ദൈവങ്ങളുടെ അസ്തിത്വം സമ്മതിച്ചാൽ ആ ദൈവങ്ങൾ സ്വതന്ത്രമായി സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവരായിരിക്കുമല്ലോ. തുല്യ അധികാരമുള്ള ശക്തികളിലൊന്നിനും പരമാധികാരമുണ്ടാവുക സാധ്യമല്ല. മറ്റുള്ളവരുടെ അധികാര സീമയെ മാനിച്ചുകൊണ്ടേ ഓരോ ദൈവത്തിനും നിലനിൽക്കാനാകൂ. അല്ലെങ്കിൽ ഓരോ ദൈവവും മറ്റു ദൈവങ്ങൾക്ക് അപ്രാപ്യമായ മേഖലകളിലേക്ക് മാറിപ്പോകണം. മറ്റുള്ളവരുടെ അധികാരത്തെ മാനിച്ചു വർത്തിക്കുക, അല്ലെങ്കിൽ അവർക്ക് അപ്രാപ്യമായ മേഖലയിലേക്ക് മാറിനിൽക്കുക എന്നീ രണ്ടു കാര്യങ്ങളും കേവല ദിവ്യത്വത്തിന്റെ നിഷേധമാകുന്നു.

ബഹുദൈവങ്ങൾ പരസ്പരം ബന്ധപ്പെടാതെ മാറി നിൽക്കുന്നു എന്ന് സങ്കൽപിച്ചാൽ വേറെയുമുണ്ട് പ്രശ്നങ്ങൾ. ഈ പ്രപഞ്ചത്തിലെ ഓരോ അണുവും ഓരോ അണുവിന്റെയും ഘടകങ്ങളും ഇതര ഘടകങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ചുകൊണ്ടാണ് നിലനിൽക്കുന്നത്. ഇലക്ട്രോണും പ്രോട്ടോണും ചേർന്ന് പ്രവർത്തിക്കുമ്പോഴാണ് പരമാണു- ആറ്റം- നിലവിൽ വരുന്നത്. സൂര്യനും ചന്ദ്രനും ഭൂമിയും ചേർന്ന് പ്രവർത്തിക്കുമ്പോഴാണ് ഭൂമി വാസയോഗ്യമായ ഭൂമിയാകുന്നത്. സൂര്യനെ സൃഷ്ടിച്ച ദൈവം സൂര്യനെയും കൊണ്ട് അതിന്റെ വഴിക്കും ചന്ദ്രദൈവം ചന്ദ്രനെയും കൊണ്ട് അതിന്റെ വഴിക്കും ഭൂദൈവം ഭൂമിയെയും കൊണ്ട് അതിന്റെ വഴിക്കും പോയാൽ ഈ ഭൂമിയുടെ അവസ്ഥ എന്താകുമെന്ന് ആലോചിച്ചു നോക്കുക. വിശുദ്ധ ഖുർആൻ സൂര്യചന്ദ്രന്മാരെയും ഭൂമിയെയും രാപ്പകലുകളെയും ഏകദൈവത്തിന്റെ അനിഷേധ്യ ദൃഷ്ടാന്തങ്ങളായി ആവർത്തിച്ചു പറയുന്നതിന്റെ പൊരുളിതാണ്.

ദൈവങ്ങൾ മനുഷ്യരെപ്പോലെ സ്വന്തമായ വസ്തുവഹകളും അധികാര മേഖലകളുമുള്ളവരാണെങ്കിൽ മനുഷ്യരെപ്പോലെ പരസ്പരം അതിജയിക്കാനും അന്യരുടേത് വെട്ടിപ്പിടിക്കാനുമുള്ള മോഹത്തിൽ നിന്ന് അവർ മുക്തരായിരിക്കുകയില്ലല്ലോ. ഈ ലോകത്തെ രാജാക്കന്മാർ സൈനികമായും സാമ്പത്തികമായും സമകാലീനരായ മറ്റു രാജാക്കന്മാരെ അതിജയിക്കാൻ നിരന്തരം പോരാടിക്കൊണ്ടിരിക്കുകയാണ്. ഇതേ രീതി തുല്യ ശക്തികളായ ദൈവങ്ങളിലും നടമാടിയാൽ അണ്ഡകടാഹമാകെ തകർന്നുപോവുകയായിരിക്കും അതിന്റെ ഫലം. ഇക്കാര്യം ഖുർആൻ ആവർത്തിച്ചുണർത്തിയിട്ടുണ്ട്: لَوْ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَا (ആകാശഭൂമികളിൽ അല്ലാ

ഹുവല്ലാതെ ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ രണ്ടും നശിച്ചു പോയതുതന്നെ-22:22). لَّوْ كَانَ مَعَهُۥٓ ءَالِهَةٌ كَمَا يَقُولُونَ إِذًا لَّٱبْتَغَوْا۟ إِلَىٰ ذِى ٱلْعَرْشِ سَبِيلًا (അവർ വാദിക്കുന്ന പോലെ അല്ലാഹുവോടൊപ്പം ഇതര ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ അവർ തീർച്ചയായും സിംഹാസനാധിപന്റെ സ്ഥാനത്തെത്താൻ ശ്രമിക്കുമായിരുന്നു- 17:42).

അല്ലാഹുവിന് ഉപദൈവങ്ങളെയും സഹദൈവങ്ങളെയും സങ്കൽപിച്ചവർ മനുഷ്യർക്കിടയിലെന്ന പോലെ ദൈവങ്ങൾക്കിടയിലും മാത്സര്യവും കലഹവും സങ്കൽപിച്ചിരുന്നതായും കാണാം. മനുഷ്യരിലെന്ന പോലെ അവരിലും വിശിഷ്ടരും (ദേവന്മാർ) നികൃഷ്ടരും (അസുരന്മാർ) ഉണ്ട്. ഗ്രീക്ക് പുരാണങ്ങളും ഇന്ത്യൻ പുരാണങ്ങളും ദൈവങ്ങൾ തമ്മിലുള്ള പോരുകൾ വർണിക്കുന്നുണ്ട്. ദേവാസുര യുദ്ധങ്ങളിൽ ദേവന്മാർ മനുഷ്യരുടെ സഹായം തേടുന്നതിന്റെയും, രാജാക്കന്മാർ തമ്മിലുള്ള യുദ്ധങ്ങളിൽ മനുഷ്യർ ദേവന്മാരുടെ സഹായം തേടുന്നതിന്റെയും ഉദാഹരണങ്ങളും കാണാം.

അന്ത്യപ്രവാചകന്റെ കാലത്തും അതിനു മുമ്പും ഉന്നയിച്ചിരുന്ന ന്യായങ്ങൾ തന്നെയാണ് ഇക്കാലത്തും വിഗ്രഹാരാധകർ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. കാലദേശാന്തരങ്ങൾ ഭാഷയിലും ശൈലിയിലും മാറ്റമുണ്ടാക്കിയിട്ടുണ്ടാവാം. എണ്ണമറ്റ ദൈവങ്ങളിൽ വിശ്വസിക്കുന്നവരാവട്ടെ, ത്രിയേകത്വ വിശ്വാസികളാകട്ടെ, ദ്വിമൂർത്തി-ത്രിമൂർത്തി വിശ്വാസികളാകട്ടെ, ഈ സൂറയിലെ 85 മുതൽ 89 വരെ സൂക്തങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾ ഉന്നയിച്ചാൽ അതിൽ പറഞ്ഞ മറുപടി തന്നെയായിരിക്കും പറയുക. അതായത് സാക്ഷാൽ ദൈവം ഒന്നേയുള്ളൂ. അവൻ മാത്രമാണ് വാനഭുവനങ്ങൾക്കധിപനും സർവശക്തനും സർവജ്ഞനും സർവാധികാരിയും. യുക്തിയുടെയോ പ്രമാണത്തിന്റെയോ പിൻബലത്തോടെ ആർക്കും അത് നിഷേധിക്കാനാവില്ല. കാരണം, ബഹുദൈവാരാധനയെ സാധൂകരിക്കുന്ന യാതൊരു ന്യായവുമില്ല. وَمَن يَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرْهَٰنَ لَهُۥ بِهِۦ (അല്ലാഹുവിന്റെ കൂടെ ഇതര ദൈവങ്ങളെ ആരാധിക്കുന്നവന്, ബൗദ്ധികമോ വൈദികമോ ആയ യാതൊരു പ്രമാണവുമില്ല-23:117). എന്നിട്ടും മഹാ പണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും പ്രതിഭാധനന്മാരും ചിന്തകന്മാരും ഉൾപ്പെടെയുള്ളവർ ആഭിചാരബാധിതരെപ്പോലെ അന്ധമായ ബഹുദൈവ വിശ്വാസത്തിലും അനാചാരമായ വിഗ്രഹാരാധനയിലും അകപ്പെട്ടുപോകുന്നതെങ്ങനെയെന്ന് അത്ഭുതം കൂറുകയാണ് فَأَنَّىٰ تُسْحَرُونَ എന്ന വാക്യത്തിലൂടെ 89-ാം സൂക്തത്തിൽ. സാക്ഷാൽ ദൈവത്തിന്റെ നിസ്തുലവും പരമോന്നതവുമായ ഗുണങ്ങൾക്ക് വിരുദ്ധമാണ് ബഹുദൈവ വിശ്വാസികൾ അവനെക്കുറിച്ച് പുലർത്തുന്ന സങ്കൽപങ്ങൾ. ഗോചരവും അഗോചരവുമായ സകല വിജ്ഞാനങ്ങൾക്കും അധിപനായ അല്ലാഹുവിന് ആരുടെയെങ്കിലും ആശ്രയമോ പങ്കാളിത്തമോ തേടേണ്ട യാതൊരു ആവശ്യവുമില്ല. ബഹുദൈവാരാധകർ സങ്കൽപിക്കുന്ന മാനുഷികവും അല്ലാത്തതുമായ സകലവിധ ദൗർബല്യങ്ങൾക്കും അതീതനായ അന്യൂനനാണവൻ. ഈ പ്രപഞ്ചത്തിൽ പ്രവർത്തിക്കുന്നത് ഒരേയൊരു സ്രഷ്ടാവിന്റെയും വിധാതാവിന്റെയും ഇഛയും അധികാരവും മാത്രമായതുകൊണ്ടാണ് ഈ പ്രപഞ്ചം അഭംഗുരം നിലനിൽക്കുന്നതും ചലിക്കുന്നതും. ■

---

قُل رَّبِّ إِمَّا تُرِيَنِّى مَا يُوعَدُونَ ﴿٩٣﴾

**93.** പ്രവാചകൻ പ്രാർഥിക്കുക: നാഥാ, ഇക്കൂട്ടർ താക്കീതു ചെയ്യപ്പെടുന്ന ശിക്ഷ എന്റെ ജീവിതകാലത്തുതന്നെ കാണിച്ചുതരികയാണെങ്കിൽ;

رَبِّ فَلَا تَجْعَلْنِى فِى ٱلْقَوْمِ ٱلظَّٰلِمِينَ ﴿٩٤﴾

**94.** നാഥാ, ഈ ദൈവധിക്കാരികളായ ജനത്തിൽ എന്നെ ഉൾപ്പെടുത്തരുതേ.

وَإِنَّا عَلَىٰٓ أَن نُّرِيَكَ مَا نَعِدُهُمْ لَقَٰدِرُونَ ﴿٩٥﴾

**95.** അവരെ താക്കീതു ചെയ്യുന്ന ശിക്ഷ യാഥാർഥ്യമായി പുലരുന്നത് നിനക്കു കാണിച്ചുതരാൻ കഴിവുള്ളവൻ തന്നെയാണ് നാം.

**93-95**

قُل = നീ പറയുക (പ്രവാചകൻ പ്രാർഥിക്കുക)

رَّبِّ = എന്റെ നാഥാ إِمَّا تُرِيَنِّى = നീ എന്നെ (എന്റെ ജീവിതകാലത്തുതന്നെ) കാണിച്ചുതരികയാണെങ്കിൽ

مَا يُوعَدُونَ = അവർ താക്കീതു ചെയ്യപ്പെടുന്നത് (ഇക്കൂട്ടർ താക്കീതു ചെയ്യപ്പെടുന്ന ദൈവിക ശിക്ഷ)

فَلَا تَجْعَلْنِى = നീ എന്നെ ആക്ക(ഉൾപ്പെടുത്ത)രുതേ فِى ٱلْقَوْمِ ٱلظَّٰلِمِينَ = (ദൈവ)ധിക്കാരികളായ ഈ ജനത്തിൽ

وَإِنَّا = തീർച്ചയായും നാം عَلَىٰٓ أَن نُّرِيَكَ = നിനക്കു കാണിച്ചുതരുന്നതിന്മേൽ(ന്)

مَا نَعِدُهُمْ = നാം അവരെ താക്കീതു ചെയ്യുന്നത് (ശിക്ഷ) لَقَٰدِرُونَ = കഴിവുള്ളവൻ തന്നെയാകുന്നു

ഇവിടം മുതൽ സൂറഃ സമാപനത്തിലേക്ക് കടക്കുകയാണ്. പ്രവാചകന്നും വിശ്വാസികൾക്കും വരാനിരിക്കുന്ന വിജയത്തിന്റെ സുവിശേഷവും, അവരെ പരിഹസിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന ഖുറൈശി നിഷേധികൾ നേരിടാനിരിക്കുന്ന പരാജയത്തിന്റെയും അപമാനത്തിന്റെയും മുന്നറിയിപ്പുമാണീ ഈ സമാപന സൂക്തങ്ങൾ ഉൾക്കൊള്ളുന്നത്. ദൈവിക സന്ദേശം പരിഹസിച്ചുതള്ളുകയും സത്യപ്രവാചകനെ പീഡിപ്പിക്കുകയും ചെയ്യുന്നതു മൂലം ഇഹലോകത്തും പരലോകത്തും നേരിടേണ്ടിവരുന്ന ആപത്തുകളെക്കുറിച്ചുണർത്തുമ്പോഴൊക്കെ, എങ്കിൽ ആ വിപത്ത് ഒന്നിങ്ങുവരുത്തി കാണിച്ചാട്ടേ എന്ന് അവിശ്വാസികൾ വെല്ലുവിളിച്ചുകൊണ്ടിരുന്നു. ഖുർആൻ അവർക്ക് നൽകാറുള്ള ഉത്തരം ഇതാണ്:

وَإِمَّا نُرِيَنَّكَ بَعْضَ ٱلَّذِى نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا مَرْجِعُهُمْ

(നാം താക്കീതു ചെയ്യുന്ന ചിലത് നിന്റെ ജീവിതകാലത്തു തന്നെ കാണിച്ചു തന്നേക്കാം. അല്ലെങ്കിൽ അതിനു മുമ്പേ നിന്റെ ജീവിതം പൂർത്തിയാക്കിയെന്നും വരാം. എന്തായാലും തമ്മിലേക്കുതന്നെയാണവരുടെ മടക്കം-10:46).

وَإِن مَّا نُرِيَنَّكَ بَعْضَ ٱلَّذِى نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِنَّمَا عَلَيْكَ ٱلْبَلَٰغُ وَعَلَيْنَا ٱلْحِسَابُ ﴿٤٠﴾

(ഈ ജനത്തിന് നാം വാഗ്ദാനം ചെയ്തിട്ടുള്ള ചിലത് നിന്റെ ജീവിതകാലത്തുതന്നെ കാണിച്ചുതന്നു എന്നു വരാം. അല്ലെങ്കിൽ അതിനു മുമ്പേ നിന്റെ ജീവിതം പൂർത്തിയാക്കിയെന്നും വരാം. അതെന്തായാലും നിന്റെ ദൗത്യം സന്ദേശമെത്തിക്കുക മാത്രമാകുന്നു. അവരെ വിചാരണ ചെയ്യുകയാവട്ടെ നമ്മുടെ മാത്രം ഉത്തരവാദിത്തമാകുന്നു-13:40). പ്രകൃത സൂക്തങ്ങളുടെയും ആശയം ഇതുതന്നെയാണ്. സൂറഃ *ഗാഫിർ* 77-ാം സൂക്തത്തിലും ഇക്കാര്യം ആവർത്തിക്കുന്നുണ്ട്. താൽപര്യമിതാണ്: ദൈവിക സന്ദേശം തള്ളിക്കളയുകയും പ്രവാചകന്മാരെ നിഷേധിക്കുകയും ചെയ്യുന്ന ജനതകൾ ഇഹത്തിലും പരത്തിലും അതിന്റെ തിക്തമായ അനന്തരഫലം അനുഭവിക്കേണ്ടിവരിക തന്നെ ചെയ്യും. പരലോകം എന്ന് നിലവിൽ വരുമെന്നോ ഇഹലോകത്തിലുണ്ടാകുന്ന ആപത്ത് ഏതു തീയതി എത്രമണിക്കു സംഭവിക്കുമെന്നോ അല്ലാഹു കൃത്യമായി അറിയിക്കുന്നില്ല. അത് രണ്ടും ഏതു നിമിഷവും സംഭവിക്കാമെന്ന കരുതലോടെ ജീവിക്കുകയാണ് മനുഷ്യൻ വേണ്ടത്.

സൂക്തങ്ങൾ സംബോധന ചെയ്യുന്നത് മുഹമ്മദ് നബി(സ)യെയാണെങ്കിലും അതിന്റെ ആശയം എക്കാലത്തുമുള്ള സത്യപ്രബോധകർക്കും അവരുടെ പ്രബോധിതർക്കും ബാധകമാകുന്നു. ദൈവിക സന്ദേശം തള്ളിക്കളയുകയും സന്ദേശവാഹകരെ പീഡിപ്പിക്കുകയും അനാചാരത്തിലാണ്ടുപോവുകയും ചെയ്യുന്ന ഏതു സമൂഹവും ഒരു പരിധി കഴിഞ്ഞാൽ ഈ ലോകത്തുതന്നെ ശിക്ഷിക്കപ്പെടും. ആ ശിക്ഷ ഉന്മൂലനാശമാവണമെന്നില്ല. അല്ലാഹുവിങ്കൽ നിന്നുണ്ടാകുന്ന ഒരു ഉണർത്തലാണത്. പ്രകൃതി വിപത്തുകളുടെയോ മഹാരോഗങ്ങളുടെയോ രക്തരൂഷിതമായ യുദ്ധങ്ങളുടെയോ രൂപത്തിലൊക്കെ അതു സംഭവിക്കാം. പ്രവാചക നിയോഗം ഉണ്ടായിരുന്ന കാലത്തും അത് അവസാനിച്ച ശേഷവും ഇത്തരം ഉണർത്തലുകൾ തുടർന്നുവരുന്നുണ്ട്. ഇസ്രാഈല്യരും ഫറവോനികളുമൊക്കെ അത് അനുഭവിച്ചിട്ടുള്ളതായി ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. അല്ലാഹുവിന്റെ പരീക്ഷണങ്ങൾ വകവെക്കാതെ അധർമത്തിൽ തന്നെ മുന്നോട്ടുപോയതിനാൽ ഉന്മൂലനം ചെയ്യപ്പെട്ട ജനതകളാണ് ഫറവോനികളും ആദ്-ഥമൂദ് ഗോത്രങ്ങളും. പ്രവാചകന്മാരെ നിഷേധിച്ച സമൂഹങ്ങളിൽ ഭാവിയിൽ പരിവർത്തനമുണ്ടാകാൻ സാധ്യതയുണ്ടെങ്കിൽ ഉന്മൂലനം ചെയ്യപ്പെടാറില്ല. അവരെ പരിവർത്തന സജ്ജരാക്കുന്നതിന് പരീക്ഷണാത്മകമായ വിപത്തുകൾ ഉളവാക്കിക്കൊണ്ടിരിക്കും. ദൈവിക സന്ദേശം പ്രവാചകന്മാരിൽ നിന്ന് നേരിട്ട് ലഭിക്കാത്ത സമൂഹങ്ങളും ഉന്മൂലനാശത്തിന് വിധേയമാക്കപ്പെടുന്നില്ല. സ്വകർമങ്ങളുടെ അനന്തരഫലമെന്നോണമുണ്ടാകുന്ന വിപത്തുകളിലൂടെ അവരെയും അല്ലാഹു ഉണർത്തിക്കൊണ്ടിരിക്കും. ഭൗതിക പ്രമത്തതയാലും ഭോഗാസക്തികളാലും മനസ്സാക്ഷി പൂർണമായി മരിച്ചിട്ടില്ലാത്തവർക്ക് അത് പ്രയോജനപ്പെടുകയും ചെയ്യും.

തന്റെ ജീവിതകാലത്ത് ഖുറൈശികളിൽ വല്ല ദൈവിക ശിക്ഷയും സംഭവിക്കുകയാണെങ്കിൽ ആ ശിക്ഷയിൽ തന്നെ അകപ്പെടുത്തരുതേ എന്ന് പ്രാർഥിക്കാൻ പ്രവാചകനോടുള്ള അല്ലാഹുവിന്റെ കൽപനയുടെ സൂചന ഖുറൈശികളെ ചില വിപത്തുകൾ ബാധിക്കാൻ പോകുന്നു എന്നാണ്. ആ വിപത്തുകളിൽ നിന്ന് തന്നെ ഒഴിവാക്കണേ എന്ന് പ്രവാചകൻ കൽപിക്കപ്പെടുന്നതിനർഥം ദൈവിക ശിക്ഷയെക്കുറിച്ച് പ്രവാചകന്മാർ പോലും നിർഭയരായിക്കൂടാ എന്നാണ്. കുറ്റം ചെയ്തവരെ തെരഞ്ഞുപിടിച്ചല്ല, സമൂഹത്തെ മൊത്തത്തിലാണ് ദൈവിക ശിക്ഷകൾ പലപ്പോഴും ബാധിക്കുക. وَٱتَّقُوا۟ فِتْنَةً لَّا تُصِيبَنَّ ٱلَّذِينَ ظَلَمُوا۟ مِنكُمْ خَآصَّةً (നിങ്ങളിൽ അധർമകാരികളെ മാത്രമായിട്ടല്ലാതെ പൊതുവായി ബാധിക്കുന്ന വിപത്തുകളെ സൂക്ഷിച്ചുകൊള്ളുവിൻ-8:25).

പ്രവാചകൻ മക്ക വിടേണ്ട സമയം അടുത്തിരിക്കുന്നുവെന്നും ഹിജ്റക്ക് തയാറായിക്കൊള്ളണമെന്നും ഉള്ള സൂചനയും ഈ സൂക്തങ്ങളിലുണ്ട്. പ്രവാചകനും സഖാക്കളും പ്രതിയോഗികളുടെ കൊടിയ പീഡനങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുകയായിരുന്നു അന്ന്. പല സ്വഹാബികളും മക്കയിൽ നിന്ന് പലായനം ചെയ്യാൻ നിർബന്ധിതരായിരുന്നു. ഈ കൂരിരുട്ടിനു പിറകെ വിമോചനത്തിന്റെയും വിജയത്തിന്റെയും പ്രഭാതം ഉദയം ചെയ്യാൻ പോകുന്നുവെന്ന് സാധാരണഗതിയിൽ പ്രതീക്ഷിക്കാനാവാത്ത സാഹചര്യം. ആ സന്ദേഹം ദൂരീകരിക്കുകയാണ് وَإِنَّا عَلَىٰٓ أَن نُّرِيَكَ مَا نَعِدُهُمْ لَقَٰدِرُونَ എന്ന വാക്യം. അതായത് ഇപ്പോൾ ശത്രുക്കൾ കാണിക്കുന്ന ഊറ്റവും നിങ്ങളനുഭവിക്കുന്ന പീഡനവും അവശതയുമൊന്നും നാളെ അവരെ പരാജയപ്പെടുത്താനും നിങ്ങളെ വിജയിപ്പിക്കാനും അല്ലാഹുവിന് ഒട്ടും തടസ്സമല്ല. പ്രവാചകന്റെ ഹിജ്റക്ക് ശേഷം ഈ പ്രവചനം പ്രത്യക്ഷരം പുലർന്നു. മക്ക കൊടിയ ക്ഷാമത്തിനിരയായി. ബദ്റിൽ ഖുറൈശികൾ ദയനീയമായി പരാജയപ്പെട്ടു. ഒടുവിൽ സ്വദേശത്തുനിന്ന് ആട്ടിയോടിക്കപ്പെട്ട പ്രവാചകനും സഖാക്കളും വിജിഗീഷുക്കളായി മക്കയിൽ തിരിച്ചെത്തി. അവർ ഉച്ചൈസ്തരം ഉദ്ഘോഷിച്ചു: جَآءَ ٱلْحَقُّ وَزَهَقَ ٱلْبَٰطِلُ ۚ إِنَّ ٱلْبَٰطِلَ كَانَ زَهُوقًا (സത്യം സമാഗതമായി, മിഥ്യ തകർന്നുപോയി. തീർച്ചയായും തകരേണ്ടതുതന്നെയാണ് മിഥ്യ-17:81).

■